## പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

30.11.2018 ന് മറുപടിയ്ക്ക്.

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 903

## പാലക്കാട് വനമേഖലകളിൽ വന്യമൃഗങ്ങളുടെ ആക്രമണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി.വിജയദാസ് | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് വനമേഖലകളിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേറ്റ് എത്ര പേർ മരണപ്പെട്ടിട്ടുണ്ട്; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് വനമേഖലകളിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ 16 പേർ മരണപ്പെട്ടിട്ടുണ്ട് |
| (ബി) പ്രസ്തുത മേഖലകളിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നിന്നും രക്ഷ നൽകുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (ബി) പ്രസ്തുത മേഖലകളിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നിന്നും രക്ഷ നൽകുന്നതിനായി താഴെ പറയുന്ന പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്. |

| ക്രമ നം. | ഡിവിഷൻ | സോളാർ പവർ ഫെൻസിംഗ് (കി.മീറ്റർ) | എലിഫന്റ് പ്രൂഫ് ട്രഞ്ച് (കി.മീറ്റർ) |
|---|---|---|---|
| 1 | പാലക്കാട് | 152.65 | 2.905 |
| 2 | മണ്ണാർക്കാട് | 28.66 | 7.44 |
| 3 | നെന്മാറ | 57.24 | 0.00 |
| | ആകെ | 238.55 | 10.345 |

കൂടാതെ പാലക്കാട്, മണ്ണാർക്കാട് ഡിവിഷനുകളിൽ സജ്ജമായ ആർ.ആർ.റ്റി-യുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. വന്യമൃഗങ്ങൾ നാട്ടിലെത്തുന്നത് മുൻകൂട്ടി അറിയിക്കുന്നതിന് മണ്ണാർക്കാട് ഡിവിഷനിൽ SMS Based Alert System സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ പൊതുജനങ്ങളുടെ രക്ഷയ്ക്കായി scaring watchers-ന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. വനാതിർത്തികളിലെ വന്യജീവി ആക്രമണം ഒഴിവാക്കുന്നതിന്റെ ഭാഗമായി വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലലഭ്യത ഉറപ്പാക്കാനായി കുളങ്ങൾ, ചെക്ക് ഡാമുകൾ എന്നിവ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്

| | |
|---|---|
| (സി) ഇപ്രകാരം ആക്രമണത്തിൽപ്പെട്ടവർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്; വിശദാംശം നൽകുമോ? | (സി) 1980-ലെ Rules for Payment of Compensation to Victims of Wildlife Attack പ്രകാരം വന്യമൃഗങ്ങളുടെ ആക്രമണത്തിൽ മരണം സംഭവിച്ചവരുടെ (പാമ്പ് കടിയേറ്റ് മരിച്ച 66 പേർ ഉൾപ്പെടെ) |

അനന്തരാവകാശികൾക്ക് നഷ്ടപരിഹാരം നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഡിവിഷൻ | നല്കിയ നഷ്ടപരിഹാര തുക (രൂപയിൽ) |
|---|---|---|
| 1 | പാലക്കാട് | 55,00,000/- |
| 2 | മണ്ണാർക്കാട് | 45,00,000/- |
| 3 | നെന്മാറ | 20,00,000/- |
| | **ആകെ** | **1,20,00,000/-** |

സെക്ഷൻ ഓഫീസർ